**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1254** **12.06.2014-ൽ മറുപടിക്ക്**

**റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് മുറിച്ചു മാറ്റുന്ന വൃക്ഷങ്ങൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. കെ. അജിത് | | ശ്രീ. വി.കെ ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) | കോട്ടയം, ഇടുക്കി ജില്ലകളിലെ കെ.എസ്.റ്റി.പി. റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ 3 വർഷത്തിനിടയിൽ എത്ര വൃക്ഷങ്ങൾ മുറിച്ചു നീക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) | കോട്ടയം, ജില്ലയിൽ എം.സി. റോഡിലെ പട്ടിത്താനം മുതൽ പുതുവേലി വരെ 260 മരങ്ങൾ മുറിച്ചുമാറ്റിയിട്ടുണ്ട്. |
| (ബി) | മുറിച്ചു മാറ്റിയ വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷത്തൈകൾ വച്ചു പിടിപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വൃക്ഷത്തൈകളുടെ സംരക്ഷണത്തിന് ആരാണ് മേൽനോട്ടം വഹിക്കുന്നത് ; | (ബി) | ഇല്ല. എന്നാൽ പകരം മരങ്ങൾ വെച്ചുപിടിപ്പിക്കുന്നത് അപ്ഗ്രഡേഷൻ ജോലിയുടെ എഗ്രിമെന്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വെച്ചു പിടിപ്പിക്കുന്ന മരങ്ങൾ ഒരു വർഷം വരെ പരിപാലിക്കുന്ന ചുമതല കരാറുകാരനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. |
| (സി) | റോഡ് നിർമ്മാണത്തിനായി മുറിച്ചുമാറ്റുന്ന വൃക്ഷങ്ങൾക്കു പകരം കരാറുകാരെക്കൊണ്ട് പുതിയ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കുന്ന കാര്യം വകുപ്പ് ഉറപ്പു വരുത്താറുണ്ടോ ; | (സി) | ഉണ്ട്. |
| (ഡി) | മുറിച്ചുമാറ്റുന്ന വൃക്ഷങ്ങൾക്കു പകരമുള്ള വൃക്ഷത്തൈകൾ ഏതു സ്ഥലങ്ങളിലാണ് നട്ടുപിടിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | (ഡി) | റോഡിന്റെയും ഓടകളുടെയും പണി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിദ്യുച്ഛക്തി ലൈനിൽ തടസ്സം വരാത്ത സ്ഥലങ്ങളിലും വളവുകളിലുള്ള (OXBOW) സ്ഥലങ്ങളിലുമാണ് മരം വെച്ചു പിടിപ്പിക്കാൻ നിർദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ